കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പോരൂർ ഗ്രാമപഞ്ചായത്ത്
# 2016-17 ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം ജില്ല.
e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ.എം.പി.എം.5/1423/17

സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം ജില്ല.
e-mail:dompm.ksad@kerala.gov.in

തീയതി.11-07-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പോരൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പോരൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1). ഡയറക്ടർ, ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

mac

കെ.എസ്.എ.എം.പി.എം.5/1423/17

തീയതി.11-07-2017

## മലപ്പുറം ജില്ലയിലെ പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 02.11.2016 മുതൽ 13.06.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ.എസ്. ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.06.2017 മുതൽ 24.06.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സതീഷ് എം.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. അമീൻ ഫൈസൽ ,ഓഡിറ്റർ |
| | ശ്രീമതി. സുജാത.എം ,ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ.

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.അർച്ചന.എൻ.എസ് | 01-04-2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | ശ്രീ.എം. മുരളീധരൻ | 01-04-2016 മുതൽ 15-08-2016 വരെ |
| | ശ്രീ.എം. ജിനചന്ദ്രൻ | 16-08-2016 മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ.

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി എൻജിനീയർ | ശ്രീമതി.ഗ്രീഷ്മ.ജി.ആർ | 01-04-2016 മുതൽ 31-01-2017 വരെ |
| | ശ്രീ.സേതുമാധവൻ.കെ | 01-02-2017 മുതൽ 31-03-2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.ഹംസ കുരിക്കൾ.എം.ടി | 01-04-2016 മുതൽ 31-03-2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ഷരീഫ.ഇ.പി | 1-04-2016 മുതൽ 04-09-2016 വരെ |
| | ഡോ. മുഹമ്മദ് സിജിൽ | 05-09-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ. ഷെമി.പി | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. അമ്പിളി പ്രഭാകർ | 01-04-2016 മുതൽ 30-09-2016 വരെ |
| | ഡോ. ഉണ്ണികൃഷ്ണൻ.പി | 01-10-2016 മുതൽ 31-03-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.പി.രാജൻ | 01-04-2016 മുതൽ 31-03-2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.വിനയൻ.പി | 01-04-2016 മുതൽ 31-03-2017 വരെ |
| വി.ഇ.ഒ | ശ്രീമതി.ബിന്ദു.എ.ആർ | 01-04-2016 മുതൽ 31-03-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.കെ.പി.റഹ്മത്ത് | 01-04-2016 മുതൽ 30-06-2016 വരെ |
| | ശ്രീമതി.ജിഷ.പി.ജി | 01-07-2016 മുതൽ 31-03-2017 വരെ |
| അസി. സെക്രട്ടറി | ശ്രീ.അനൂപ്.എൻ | 01-04-2016 മുതൽ 10-01-2017 വരെ |
| | ശ്രീ.ഷിബു.പി | 13-01-2017 മുതൽ 31-03-2017 വരെ |

## ഉള്ളടക്കം


| ക്രമ നം. | വിവരണം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II | | | |
| 12 | വസ്തു നികുതി കുറവായി ഈടാക്കി- 11675 രൂപയുടെ നഷ്ടം | 2-1 | |
| 13 | ഡി & ഒ ലൈസൻസ് - വിവിധ അപാകതകൾ. | 2-2 | |
| ഭാഗം III | | | |
| 14 | ആസൂത്രണത്തിലേയും, നിർവ്വഹണത്തിലേയും വീഴ്ചകൾ- 1.82 കോടി രൂപയുടെ ഫണ്ടുകൾ ചെലവഴിക്കാനായില്ല. | 3-1 | |
| 15 | തെരുവ് വിളക്ക് സ്ഥാപിക്കൽ (185/2017)- നിർവഹണത്തിലെ | 3-2 | |

| | | | |
|---|---|---|---|
| | അപാകതകൾ | | |
| 16 | ഇ- ടെണ്ടർ നടത്തിയില്ല. | 3-3 | |
| 17 | മഴക്കാല ശുചിത്വ പ്രവൃത്തികൾ- ശുചിത്വ മിഷൻ വിഹിതം ലഭ്യമാക്കിയില്ല. | 3-4 | |
| 18 | പദ്ധതി പണം പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽകൂട്ടി. | 3-5 | |
| 19 | ലൈബ്രറി സെസ് സമയ ബന്ധിതമായി അടവാക്കുന്നില്ല. | 3-6 | |
| 20 | പരിരക്ഷ പദ്ധതി - മാർഗ്ഗ രേഖ പാലിക്കുന്നില്ല. | 3-7 | |
| 21 | മരുന്നുകൾ മുഴുവനായും ലഭ്യമാക്കിയിട്ടില്ല. | 3-8 | |
| 22 | വിനിയോഗവിവരം ലഭ്യമല്ല- ചെലവ് തുക തടസം ചെയ്യുന്നു. | 3-9 | |
| 23 | മരാമത്ത് പ്രവർത്തി അധികം പിൻവലിച്ചത് | 3-10 | |
| 24 | എസ്റ്റിമേറ്റ് തയ്യാറാക്കാതെയും മൂല്യനിർണ്ണയനം നടത്താതെയും മരാമത്ത് പ്രവർത്തി നടപ്പാക്കിയത് | 3-11 | |
| 25 | രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല- ചെലവ് തുക തടസം ചെയ്യുന്നു. | 3-12 | |
| 26 | ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കണ്ടില്ല | 3-13 | |
| 27 | പശ്ചിമഘട്ട വികസനം, വനിതാ സ്വയംതൊഴിൽ സംരംഭങ്ങൾ – അവലോകനം | 3-14 | |
| | ഭാഗം IV | | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 | |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-2 | |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 33 | ഓഡിറ്റ് റിക്കവറി | 4-6 | |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 37 | AUDIT CERTIFICATE | Annexure 1 | |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം - 1 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 17.01.2017 തിയ്യതിയിലെ 18 -ാം നമ്പർ തീരുമാനപ്രകാരം

അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 10/05/17 | 25.05.2017 | 14.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 15.06.2017 | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

2016-17-ലെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ചെലവഴിച്ച ഗുണഭോക്തൃ വിഹിതം (Beneficiary Contribution - Utilised) ബാലൻസ് ഷീറ്റിൽ ബാധ്യതയായി (B3) രേഖപ്പെടുത്തിയിട്ടുണ്ട്.
2. വസ്തുനികുതി കളക്ഷൻ (current & Arrears) റജിസ്റ്ററുമായി (സഞ്ചയ) പൊരുത്തപ്പെടുന്നില്ല.
3. ബജറ്റ് ഫങ്ഷൻ - ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.
4. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

   (ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18835047 |
| വരവ് | 47763677 |
| ആകെ | 66598724 |
| ചെലവ് | 43955592 |
| നീക്കിയിരിപ്പ് | 22643132 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ കാലഹരണപ്പെട്ട തുക | ചെലവ് ശതമാനം | നീക്കിയിരിപ്പ് 40(b) പ്രകാരം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് | 0 | 11104257 | 11104257 | 7052282 | 4051975 | 64 | 0 |

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ കാലഹരണപ്പെട്ട തുക | ചെലവ് ശതമാനം | നീക്കിയിരിപ്പ് 40(b) പ്രകാരം |
|---|---|---|---|---|---|---|---|
| പൊതുവിഭാഗം | | | | | | | |
| വികസനഫണ്ട് എസ്.സി.പി. | 0 | 8863737 | 8863737 | 5587651 | 3276086 | 63 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 10086 | 10086 | 0 | 10086 | 0 | 0 |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 7477059 | 7477059 | 1973839 | 5503220 | 26 | 0 |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 2993025 | 2993025 | 1851223 | 1141802 | 62 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6227132 | 6227132 | 4451834 | 1775298 | 75 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3390599 | 3390599 | 924254 | 2466345 | 27 | 0 |
| എ.എൻ.ആർ. ഇ.ജി.എസ്. | 15420 | 22477117 | 22492537 | 22476758 | 15779 | 99.9 | 15729 |
| ബി ഫണ്ട് | 0 | 40264810 | 40264810 | 40264810 | 0 | 100 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 183 | 5769400 | 120 | 26882081 | 31 | 63 | 65.66 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 156ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1860879 | 3430089 | 1569210 | 184(+) |

| ഇനം | മുൻവർഷം (2015-16) | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 1178130 | 1309951 | 131821 | 111(+) |
| മറ്റുവരവുകൾ | 0 | 0 | 0 | 0 |
| ആകെ | 3039009 | 4740040 | 1701031 | 156(+) |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4,93,920 | 340 |
| കർഷകതൊഴിലാളി പെൻഷൻ | 35,78,060 | 398 |
| വിധവാപെൻഷൻ | 1,45,19,660 | 1319 |
| വാർദ്ധക്യകാലപെൻഷൻ | 1,60,42,450 | 1530 |
| വികലാംഗപെൻഷൻ | 42,27,870 | 430 |
| വിവാഹ ധന സഹായം | 3,60,000 | 12 |
| അവിവാഹിതാ പെൻഷൻ | 10,27,850 | 100 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.06.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11502രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പ്രത്യേക പരാമർശമില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.05.2017 | 01.12.2016 മുതൽ 31.03.2017 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.07.2007 മുതൽ 06.08.2007വരെ | 1997-98 മുതൽ 2006-07 വരെ | 09/06/07 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി കുറവായി ഈടാക്കി- 11675 രൂപയുടെ നഷ്ടം

100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ഒരു ച.മീറ്റർ തറവിസ്തീർണ്ണത്തിന് 50 രൂപയാണ് ഗ്രാമപഞ്ചായത്തിൽ അടിസ്ഥാന വസ്തുനികുതി നിരക്കായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ 26.10.2016 ന് ഇബ്രാഹിം . വി.എം ന്റെ ഉടമസ്ഥതയിലുള്ള 277.98 ച.മീ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് (ഗോഡൗൺ- ഹോം അപ്ലയൻസ് & ഹാർഡ് വെയർ എന്നിവ വിൽപ്പനക്ക് വേണ്ടി സ്റ്റോക്ക് ചെയ്യുന്നതിന്) 10 രൂപ/ച.മീ അടിസ്ഥാന വസ്തുനികുതി നിരക്കായി വസ്തുനികുതി നിർണ്ണയിച്ചതിലൂടെ താഴെ പറയും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | 1/1B |
| തറവിസ്തീർണ്ണം | 277.98 |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 50/ച.മീ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി (277.98 x 50 ) | 13899 |
| (-)ഇളവ് 20 %(മേഖല 10%, മേൽക്കൂര 10%) | 2779.8 |
| (+)വർദ്ധനവ് 20 % (റോഡ് 20 % ) | 2779.8 |
| ഈടാക്കേണ്ട വസ്തുവികുതി | 13899 |
| ഈടാക്കിയ വസ്തുവികുതി | 2780 |
| ഈടാക്കിയതിൽ കുറവ് | 11119 |
| ഈടാക്കേണ്ട ലൈബ്രറി സെസ് (13899 x 5 %) | 695 |
| ഈടാക്കിയ ലൈബ്രറി സെസ് | 139 |
| ലൈബ്രറി സെസ് ഈടാക്കിയതിൽ കുറവ് | 556 |
| ആകെ നഷ്ടം (11119 + 556 ) | 11675 |

വസ്തുനികുതി നിർണ്ണയത്തിലെ അപാകതമൂലമുള്ള നഷ്ടം 11675 രൂപ (11119 + 556 എൽ.സി ) ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതും 2017-18 മുതലുള്ള വസ്തുനികുതി ഡിമാന്റ് ക്രമീകരിക്കേണ്ടതുമാണ്.

[ഓഡിറ്റ് എൻക്വയറിക്ക് (12/20.06.17) മറുപടി ലഭ്യമാക്കിയിട്ടില്ല]

## 2-2 ഡി & ഒ ലൈസൻസ് - വിവിധ അപാകതകൾ.

1. ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ , എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഡി & ഒ ലൈസൻസ് എടുക്കേണ്ട എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി കൃത്യമായ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

2. ലൈസൻസ് ഫീസ് കുറവായി ഈടാക്കി - പഞ്ചായത്തിന് 800 രൂപ നഷ്ടം

2016-17 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവു വന്നതിലൂടെ ഗ്രാമപഞ്ചായത്തിന് 800 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ | അപേക്ഷകന്റെ | ലൈസൻസ് | ഒരു | ഈടാക്കേണ്ട | ഈടാക്കിയ | കുറവ് |
|---|---|---|---|---|---|---|

| നം | പേരും വിലാസവും | നം./ തിയതി | ദിവസത്തെ വിറ്റുവരവ് (അപേക്ഷ പ്രകാരം) | ഫീസ് | ഫീസ് | |
|---|---|---|---|---|---|---|
| 1 | ജിജേഷ്.പി , പാറക്കൽ ഹൗസ്, മിക്സ്ചർ പ്രൊഡക്ഷൻ & സെയിൽ | 114/26.08.2016 | 25000 | 500 | 100 | 400 |
| 2 | അബ്ദുല്ലക്കോയ. എ, ആട്ടീരി ഹൗസ് , റബ്ബർ കട | 157/20.01.2017 | 10000 | 200 | 100 | 100 |
| 3 | കെ.കെ.ബഷീറുദ്ധീൻ. സ്വർണ്ണം, വെള്ളി വിൽപ്പന | 187/31.03.2017 | 25000 | 500 | 200 | 300 |
| ആകെ | | | | | | 800 |

ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവുവന്ന 800 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

3. പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചു.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ , ഫോറം 1ൽ സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസത്തിൽ കുറയാത്ത കാലയളവിനുമുമ്പായി 200 രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ചട്ടം 5 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5 ൽ 50 രൂപ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതുമാണ്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ മെഡ്-ലില്ലി ഹോമിയോ ക്ലിനിക്ക് , ആയുർവ്വേദ ക്ലിനിക്ക്-ആയുർവ്വേദ മരുന്ന് സ്റ്റോക്ക് & സെയിൽ , ഐശ്വര്യ ക്ലിനിക്കൽ ലബോറട്ടറി , മെഡി ടെക്ക് ലബോറട്ടറി എന്നീ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ ഇല്ലാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാതെ പ്രവൃത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് എതിരെ ചട്ടം 8 പ്രകാരം പിഴ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മിക്ക ഭക്ഷണ വിതരണ സ്ഥാപനങ്ങളും ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ രജിസ്ട്രേഷൻ ഇല്ലാതെ / രജിസ്ട്രേഷൻ പുതുക്കാതെയാണ് പ്രവർത്തിക്കുന്നത്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | സ്ഥാപനം / കെട്ടിട നമ്പർ |
|---|---|---|
| 1 | കെ. ഷംസുദ്ദീൻ | ഹോട്ടൽ& കൂൾ ബാർ4/295 |
| 2 | നാലകത്ത് സുഹൈറ | മധുരപലഹാര നിർമ്മാണം, വിൽപ്പന 7/353B |
| 3 | തുറക്കൽ കുഞ്ഞിമുഹമ്മദ് | അൽ റയാൻ ഹോട്ടൽ 13/387A,B |
| 4 | ഉസ്മാൻ.കെ | ഹോട്ടൽ12/283A |
| 5 | കെ. അബ്ബാസ് | കൈരളി ഹോട്ടൽ ,4/150.151 |

അപാകതകൾ പരിഹരിക്കേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറിക്ക് (10/20.06.17) മറുപടി ലഭ്യമാക്കിയിട്ടില്ല]

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ആസൂത്രണത്തിലേയും, നിർവ്വഹണത്തിലേയും വീഴ്ചകൾ- 1.82 കോടി രൂപയുടെ ഫണ്ടുകൾ ചെലവഴിക്കാനായില്ല.

വാർഷിക പദ്ധതികളുടെ ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും അപാകതകൾ മൂലം പഞ്ചായത്തിൽ ഉൽപ്പാദന, സേവന, പശ്ചാതല മേഖലകളിൽ വികസന- ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടി കേന്ദ്ര/സംസ്ഥാന സർക്കാരുകൾ അനുവദിച്ച നൽകിയ 1,82,24,812/- രൂപയുടെ ഫണ്ടുകൾ ചെലവഴിക്കാനായില്ല.

1. ഫണ്ടുകൾ ചെലവഴിച്ചതിന്റെ വിവരം.

സാമ്പത്തിക വർഷം പഞ്ചായത്തിന് ലഭിച്ച വിവിധ ഫണ്ടുകളുടെയും ചെലവുകളുടെയും വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | തൻവർഷം ലഭിച്ച തുക | ചെലവഴിച്ച തുക | കാലഹരണപ്പെട്ട തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 11104257 | 7052282 | 4051975 | 63.5 |
| വികസന ഫണ്ട് (എസ്.സി.പി) | 8863737 | 5587651 | 3276086 | 63 |
| വികസന ഫണ്ട് (ടി.എസ്.പി) | 10086 | 0 | 10086 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6227132 | 4451834 | 1775298 | 71.5 |
| ലോക ബാങ്ക് ധന സഹായം | 3390599 | 924254 | 2466345 | 27.5 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 7477059 | 1973839 | 5503220 | 26.5 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 2993025 | 1851223 | 1141802 | 62 |
| ആകെ | 40065895 | 21841083 | 18224812 | 54.5 |

2. മേഖല അടിസ്ഥാനത്തിലുള്ള ചെലവിന്റെ വിവരം.

ഉൽപ്പാദന, സേവന, പശ്ചാതല മേഖലകളിൽ സാമ്പത്തിക വർഷം നടപ്പാക്കുന്നതിന് ജില്ലാ ആസൂത്രണ സമതിയിൽ നിന്നും അംഗീകാരം ലഭിച്ച പദ്ധതികളുടെയും നിർവ്വഹണം നടത്തിയതിന്റെയും വിവരം താഴെ ചേർക്കുന്നു.

| മേഖല | ജനറൽ | | പട്ടിക ജാതി വിഭാഗം | | ആകെ | | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് | |
| ഉൽപ്പാദനം | 6615361 | 2988961 | 1584447 | 564447 | 8199808 | 3553408 | 43 % |
| സേവനം | 15392913 | 9519919 | 8687183 | 5311145 | 24080096 | 14831064 | 62 % |

| | | | | | | | |
|---|---|---|---|---|---|---|---|
| പശ്ചാതലം | 20121442 | 8586699 | 1337875 | 521824 | 21459317 | 9108523 | 42 % |
| | | | | ആകെ | 53739221 | 27492995 | 51 % |

വാർഷിക പദ്ധതികളുടെ ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും അപാകതകൾ മൂലം ഉൽപ്പാദന, സേവന, പശ്ചാതല മേഖലകളിൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പാക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. ആയത് പഞ്ചായത്ത് ഭരണസമിതിയുടേയും നിർവ്വഹണഉദ്യോഗസ്ഥരുടേയും ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആസൂത്രണത്തിലും നിർവ്വഹണത്തിലും പഞ്ചായത്ത് ഭരണസമിതിയുടേയും നിർവ്വഹണഉദ്യോഗസ്ഥരുടേയും ഏകോപനം ആവശ്യമാണ്. മേൽ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയും നിർവ്വഹണഉദ്യോഗസ്ഥരും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 തെരുവ് വിളക്ക് സ്ഥാപിക്കൽ (185/2017)- നിർവഹണത്തിലെ അപാകതകൾ

പ്രൊജക്ട് – തെരുവ് വിളക്ക് സ്ഥാപിക്കൽ (185/2017)

അടങ്കൽ - 5,10,000 (ലോക ബാങ്ക് ധനസഹായം)

ചെലവ് – 5,09,516

ബിൽ നമ്പർ - 20/ 2016-17 dtd 10.03.2017

നിർവ്വഹണം - സെക്രട്ടറി

മേൽ പ്രൊജക്ട് പ്രകാരം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ 217തെരുവുവിളക്കുകൾ സ്ഥാപിച്ചതിന്, ഉഷ ഇലക്ട്രോണിക്സ് സിസ്റ്റം- പാലക്കാട് എന്ന സ്ഥാപനത്തിന് 5,09,516/- രൂപ നൽകിയിട്ടുണ്ട്. പ്രൊജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 20.08.16- ലെ GO(Rt)No. 2487/2016 LSGD നമ്പർ ഉത്തരവിന്റെ ഖണ്ഡിക നമ്പർ 3.4.2.3 പ്രകാരം 5 ലക്ഷത്തിൽ അധികരിക്കുന്ന വാങ്ങലുകൾക്കും സേവനങ്ങൾക്കും ഇ- ടെണ്ടർ നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രൊജക്ടിന് ഇ- ടെണ്ടർ നടത്തിയിട്ടില്ല.
2. ടെണ്ടർ നടത്തിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനത്തിന്റെ വിവരം | ക്വാട്ട് ചെയ്ത തുക | | |
|---|---|---|---|---|
| | | ഒരു യൂണിറ്റിന് | ഇൻസ്റ്റിലേഷൻ ചാർജ് | ആകെ |
| 01 | ഇൻഡക്സ് ഇലക്ട്രോണിക്സ്, മഞ്ചേരി. | 2330 | 50 | 2380 |
| 02 | അലുമിന ഇലക്ട്രോണിക്സ്, മലപ്പുറം. | 1950 | -- | 1950 |
| 03 | ഉഷ ഇലക്ട്രോണിക്സ് സിസ്റ്റം, പാലക്കാട് | 2198 | 150 | 2348 |

ടെണ്ടർ ഷെഡ്യൂൾ പ്രകാരമുള്ള സാധനങ്ങൾ ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്ത അലുമിന ഇലക്ട്രോണിക്സ്, മലപ്പുറം (ക്ര.ന 02) എന്ന സ്ഥാപനത്തെ പരിഗണിക്കാതെ കുറഞ്ഞ രണ്ടാമത്തെ നിരക്കിൽ ക്വാട്ട് ചെയ്ത ഉഷ ഇലക്ട്രോണിക്സ് സിസ്റ്റം, പാലക്കാട് എന്ന സ്ഥാപനത്തിനാണ് ടെണ്ടർ നൽകിയിട്ടുള്ളത്.

3. തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് മെമ്പർമാർ നൽകിയ | ഉഷ ഇലക്ട്രോണിക്സ് സിസ്റ്റം, |
|---|---|

| സാക്ഷ്യപത്രങ്ങൾ പ്രകാരം | പാലക്കാട് ഹാജരാക്കിയ രേഖ പ്രകാരം |
|---|---|
| 168 | 251 |

വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രങ്ങൾ പ്രകാരം 168 തെരുവ് വിളക്കുകളും, ടെണ്ടർകൊണ്ട സ്ഥാപനത്തിന് 217 തെരുവു വിളക്കുകളുടെ വില മാത്രമേ നൽകിയിട്ടുള്ളുവെങ്കിലും സ്ഥാപനം ഹാജരാക്കിയ വിവരങ്ങൾ പ്രകാരം 251 തെരുവ് വിളക്കുകളുമാണ് സ്ഥാപിച്ചിട്ടുള്ളത്. കെ.എസ്.ഇ.ബിയിൽ നിന്ന് ഇൻസ്റ്റലേഷൻ നടത്തിയ വിളക്കുകളുടെ വിവരം സംബന്ധിച്ച രേഖകളൊന്നും ഹാജരാക്കിയിട്ടുമില്ല. യഥാർത്ഥത്തിൽ സ്ഥാപിച്ച വിളക്കുകൾക്കുള്ള സാക്ഷ്യപത്രം ഹാജരാക്കി അധികം തുക കമ്പനിക്ക് നൽകിയിട്ടുണ്ടെങ്കിൽ ആയത് ഈടാക്കി വിവരം പ്രഥമ മറുപടിയിലുൾപ്പെടുത്തേണ്ടതാണ്.

മേൽ അപാകതകൾക്ക് ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/20.06.17) മറുപടി ലഭിച്ചിട്ടില്ല.ചെലവ് തുക തടസം ചെയ്യുന്നു.

## 3-3 ഇ- ടെണ്ടർ നടത്തിയില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് 20.08.16- ലെ GO(Rt)No. 2487/2016 LSGD നമ്പർ ഉത്തരവ് ബാധകമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിന്റെ 3.4.2.3 നമ്പർ ഖണ്ഡിക പ്രകാരം 5 ലക്ഷത്തിൽ അധികരിക്കുന്ന വാങ്ങലുകൾക്ക് ഇ- ടെണ്ടർ നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നടത്തിയ താഴെ ചേർത്തിട്ടുള്ള വാങ്ങലുകൾക്ക് ഇ- ടെണ്ടർ നടത്തിട്ടിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രൊജക്റ്റ് | അടങ്കൽ | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 01 | പട്ടിക ജാതിക്കാർക്ക് വാട്ടർ ടാങ്ക് വാങ്ങൽ (85/2017) | 8,50,000 | അസി. സെക്രട്ടറി |
| 02 | സ്കൂൾ കുട്ടികൾക്ക് സൈക്കിൾ വാങ്ങൽ (138/2017) | 7,50,000 | ഹെഡ് മാസ്റ്റർ |
| 03 | തെരുവ് വിളക്ക് സ്ഥാപിക്കൽ (185/2017) | 5,10,000 | സെക്രട്ടറി |

സർക്കാർ ഉത്തരവ് പാലിക്കാതെ ടെണ്ടർ നടത്തിയത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
[ഓഡിറ്റ് എൻക്വയറിക്ക് (02/20.06.17) മറുപടി ലഭ്യമാക്കിയിട്ടില്ല]

## 3-4 മഴക്കാല ശുചിത്വ പ്രവൃത്തികൾ- ശുചിത്വ മിഷൻ വിഹിതം ലഭ്യമാക്കിയില്ല.

23.05.2016-ലെ GO(Rt)No. 1724/2016 നമ്പർ ഉത്തരവ് പ്രകാരം വാർഡ് തല മഴക്കാല ശുചിത്വ പ്രവൃത്തികൾക്ക് അടിയന്തിരമായി ഒരു വാർഡിന് 10000/- രൂപ നിരക്കിൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ടി ചെലവ് ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടണമെന്നും ഉത്തരവായിട്ടുണ്ട്. എന്നാൽ മഴക്കാല ശുചിത്വ പ്രവൃത്തികൾക്ക് വേണ്ടി ചെലവഴിച്ച തുക ശുചിത്വ മിഷനിൽ നിന്നും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ചെലവ് തുക - 1,70,000/-

വൗച്ചർ നമ്പർ - 216001423/ 04.06.2016

മേൽ ചെലവ് ശുചിത്വ മിഷനിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ക്രമീകരണ വിവരം

ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. [ഓഡിറ്റ് എൻക്വയറിക്ക് (08/20.06.17) മറുപടി ലഭ്യമാക്കിയിട്ടില്ല]

## 3-5 പദ്ധതി പണം പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി.

താഴെ പറയുന്ന ഡെപ്പോസിറ്റ് വർക്കുകൾക്ക് നിക്ഷേപിച്ച തുകയിൽ വിനിയോഗം കഴിഞ്ഞ് ബാക്കി വന്ന തുക അതാത് സ്ഥാപനം തിരികെ നൽകിയിട്ടുള്ളത് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കിയിരിക്കുകയാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

A. കുഴൽ കിണറുകളുടെ ഹാന്റ് പമ്പ് റിപ്പയർ (156/2017)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

അടങ്കൽ - 1,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ നമ്പർ - 13/ 2016-17

മേൽ പ്രൊജക്ട് പ്രകാരം പഞ്ചായത്തിലെ 12 കുഴൽ കിണറുകൾ റിപ്പയർ ചെയ്യുന്നതിന് മലപ്പുറം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ 1,00,000/-രൂപ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. സ്ഥാപനം ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം 8 കുഴൽ കിണറുകൾ റിപ്പയർ ചെയ്യുകയും ആയതിന് 58380/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 41620/- രൂപ പഞ്ചായത്തിന്റെ ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്.

B.വനിത ഭവന നിർമ്മാണം (എസ്.സി)

2010-11 സാമ്പത്തിക വർഷത്തിൽ വനിത ഭവന നിർമ്മാണം (എസ്.സി) എന്ന സംയുക്ത പ്രൊജക്ടിന് 20,00,000 രൂപ ജില്ലാ പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട് (DD No 115461 Dated 18.02.2011). എന്നാൽ സാങ്കേതികമായ കാരണങ്ങളാൽ പദ്ധതി നിർവ്വഹണ നടത്തിയിട്ടില്ല. ടി തുക പഞ്ചാബ് നാഷണൽ ബാങ്കിന്റെ വണ്ടൂർ ശാഖയിലെ സ്പെഷൽ ഗ്രാന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളത്.

നിർവ്വഹണം നടത്താത്ത പ്രൊജക്ടുകളുടെ പദ്ധതി വിഹിതം കാലങ്ങളായും കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കാത്ത നടപടി ക്രമ പ്രകാരമല്ല. മേൽ തുക അടിയന്തിരമായി ബന്ധപ്പെട്ട ഹെഡിലേക്ക് തിരിച്ചടവാക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-6 ലൈബ്രറി സെസ് സമയ ബന്ധിതമായി അടവാക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.09.2005 -ലെ 10088/L3/2005 നമ്പർ സർക്കുലർ പ്രകാരം വസ്തു നികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് രണ്ട് തവണകളായി (ഏപ്രിൽ 30, നവംബർ 30 തിയ്യതികൾക്കകം) ലൈബ്രറി കൗൺസിലിൽ അടവാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന് വീഴ്ച വരുത്തുന്നത് സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി പ്രസ്തുത കാലയളവിലെ പലിശ സെക്രട്ടറിയിൽ നിന്നും തന്നെ ഈടാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ ലൈബ്രറി സെസ് ഇനത്തിൽ ഈടാക്കിയ തുക സമയ ബന്ധിതമായി ലൈബ്രറി കൗൺസിലിൽ അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| അർദ്ധ വർഷം | ലൈബ്രറി സെസ് ഇനത്തിൽ ഈടാക്കിയ തുക | ലൈബ്രറി കൗൺസലിൽ അടവാക്കേണ്ട അവസാന തിയ്യതി |
|---|---|---|
| I | 119430 | 30.11.2016 |
| II | 111830 | 30..04.2017 |

ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത തുക സമയ ബന്ധിതമായി ലൈബ്രറി കൗൺസിലിൽ അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 പരിരക്ഷ പദ്ധതി - മാർഗ്ഗ രേഖ പാലിക്കുന്നില്ല.

മെഡിക്കൽ ഓഫീസർ(അലോപതി) നിർവഹണ ഉദ്യോഗസ്ഥനായി നിർവഹണം നടത്തിയ പാലിയെറ്റീവ് പദ്ധതിയുമായി ബദ്ധപെട്ട് ചുവടെ ചേർത്തിരിക്കുന്ന വിഷയങ്ങളിൽ വിശദീകരണങ്ങൾ അഥവാ രേഖകൾ ഹാജരാക്കേണ്ടതാണ്.

(എ). 29-10-2015 ലെ GO(RT)3217/2016 നമ്പർ ഉത്തരവ് പ്രകാരം പാലിയെറ്റീവ് പരിചരണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവിൽ പാലിയേറ്റീവ് മാനജ്മെന്റ് കമ്മറ്റി , പാലിയേറ്റീവ് കെയർനിർവഹണ കമ്മറ്റി എന്നിവ രൂപീകരിക്കാനും , സേവനം ലഭ്യമാക്കേണ്ടവരുടെ വിവരം ചേർത്ത നോമിനൽ രജിസ്റ്റർ,ഹോം കെയർ സംബന്ധിച്ച് ഫോളോ അപ്പ് രജിസ്റ്റർ, പ്ലാനിംഗ് രജിസ്റ്റർ ,ഹോം കെയർ റിപ്പോർട്ട് , ഹോം കെയർ റിപ്പോർട്ട് രജിസ്റ്റർഎന്നിവ തയ്യാറാക്കാൻ നിർദേശിക്കുന്നുണ്ട് 2016-17 വർഷത്തെ ചെലവുമായി ബന്ധപെട്ട പാലിയേറ്റീവ് മാനജ്മെന്റ് കമ്മറ്റി മിനിറ്റ്സ് അടക്കമുള്ള യാതൊരു വിധ രേഖകളും പരിശോധനക്ക് ഹാജരാക്കിയില്ല.ഹോം കെയർ രജിസ്റ്റർ മാത്രമാണ് പരിശോധനക്കായി ഹാജരാക്കിയത് ആയതാകട്ടെ ദിവസവും മെഡിക്കൽ ഓഫീസർ സാക്ഷ്യപെടുത്തിയിട്ടില്ല.

(ബി).പരിചരണ ആവശ്യത്തിന് വാഹനം എപ്രകാരം ഉപയോഗിക്കാമെന്ന് ടി ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട് എന്നാൽ ട്രിപ്പിന് 900 രൂപ ചെലവിൽ വാഹനം ഉപയോഗ പെടുത്തുന്നുണ്ടെങ്കിലും ,എപ്രകാരമാണ് ഈ ആവശ്യത്തിലേക്കുള്ള വാഹനം ഉപയോഗപെടുത്തുന്നതെന്ന് വ്യക്തമല്ല.

(സി)പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി.പാലിയേറ്റീവ് കെയർ നിർവഹണ കമ്മറ്റി , എന്നീ കമ്മറ്റികളുടെ ഇടപെടലുകൾ പാലിയേറ്റിവ് പ്രവർത്തനത്തിൽ ശ്രദ്ധേയമല്ല.

(ഡി).മേൽമാർഗ്ഗ രേഖ ഖണ്ഡിക 2.6.2 ൽ കൂടുതൽ പരിചരണം ആവശ്യമായ 8 രോഗികളെങ്കിലും ഒരു ദിവസം സന്ദർശിക്കാൻ കഴിയുന്ന വിധത്തിൽ ഹോം കെയർ ആസൂത്രണം ചെയ്യണമെന്നും ,ഒരു മാസം 16 ഹോം വിസിറ്റെങ്കിലും നടത്തണമെന്നും നിഷ്കർശിച്ചിട്ടുണ്ട് എന്നാൽ ഓഡിറ്റ് വർഷം ഓരോ സന്ദർശനത്തിലും ആകെ8 രോഗികളിലും കുറവായാണ് സന്ദർശിച്ചിട്ടുള്ളത്, മാത്രുല്ല മിക്ക മാസങ്ങളിലും 16 ൽ കുറഞ്ഞ വീടുകളാണ് സന്ദർശനം നടത്തിയിട്ടുള്ളത് . 2.6.3 പ്രകാരം ഹോം കെയർ ടീമിന് ഭക്ഷണ ചെലവിനായി പരമാവധി മൂന്ന് പേർക്ക് 180 രൂപ പരമാവധി ചെലവാക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ ഇനത്തിലും ചെലവ് അധികരിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| മാസം | ആകെ ഗൃഹ സന്ദർശനം നടത്തിയ ദിവസങ്ങൾ | ആകെ സന്ദർശനം നടത്തിയ വീടുകളുടെ എണ്ണം | റിഫ്രഷ്മെന്റ് ചെലവ് | റിഫ്രഷ്മെന്റ് ചെലവ് അധികം | റിമാർക്സ് |
|---|---|---|---|---|---|
| 4/16 | 16 | 113 | 1890 | - | |
| 5/16 | 13 | 112 | 2169 | - | |
| 6/16 | 14 | 114 | 1600 | - | |
| 7/16 | 13 | 112 | 1445 | - | |
| 8/16 | 15 | 113 | 2714 | 14 | 13/8/16 ൽ ഹോം കെയർ രജിസ്റ്ററിൽ രേഖപെടുത്തലുകൾ ഇല്ലാത്തതിനാൽ ടി ദിവസത്തെ സന്ദർശനം അംഗീകരിക്കുന്നില്ല. വാടക ഇനത്തിലെ ചെലവ് 900 രൂപ അധിക ചെലവായി കണക്കാക്കുന്നു |
| 9/16 | 12 | 114 | 1840 | - | |
| 10/16 | 15 | 116 | 2975 | 275 | |

| | | | | | |
|---|---|---|---|---|---|
| 11/16 | 14 | 114 | 2475 | - | |
| 12/16 | 14 | 115 | 2725 | 205 | |
| 1/17 | 15 | 114 | 2977 | 277 | |
| 2/17 | 15 | 113 | 3155 | 455 | 14/2/17ൽ ഹോം കെയർ രജിസ്റ്ററിൽ രേഖപെടുത്തലുകൾ ഇല്ലാത്തതിനാൽ ടി ദിവസത്തെ സന്ദർശനം അംഗീകരിക്കുന്നില്ല. വാടക ഇനത്തിലെ ചെലവ് 900 രൂപ അധിക ചെലവായി കണക്കാക്കുന്നു |
| 3/17 | 15 | 113 | 2620 | - | |

ഓഡിറ്റ് എൻക്വയറിക്ക് (05/20.06.17) ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ ശ്രദ്ധിക്കുമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ടി വിഷയത്തിൽ സ്വീകരിച്ച നടപടി ആദ്യമറുപടിയിൽ രേഖപ്പെടുത്തേണ്ടതും അനർഹമായി നൽകിയ 1800/-രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 3-8 മരുന്നുകൾ മുഴുവനായും ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിന് കീഴിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് അലോപതി മരുന്നുകൾക്കും,ഹോമിയോ ആശുപത്രിക്ക് ഹോമിയോ മരുന്നുകൾക്കും പാലിയെറ്റീവ് , പരിരക്ഷ പദ്ധതികൾക്കുമായിചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള തുക കേരള മെഡിക്കൽ സർവ്വീസ് കോർപറേഷനിലും കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോപ്പറേറ്റീവ് സൊസൈറ്റി എന്നിവയിൽ അടവാക്കിയിട്ടുണ്ട് എന്നാൽ മുഴുവൻ തുകക്കുള്ള മരുന്നുകൾ ഓഡിറ്റ് തിയ്യതി വരെയും (20/6/17) ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കി യ ശേഷം വിവരം ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഉൾപെടുത്തേണ്ടതാണ്.

| പ്രൊജക്ട് വിവരം | നിർവഹണ ഉദ്യോഗസ്ഥൻ | ബിൽ നമ്പർ | ആകെ തുക | സപ്ലൈ ചെയ്യാനവശേഷിക്കുന്നത് |
|---|---|---|---|---|
| ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | ഹോമിയോ മെഡിക്കൽ ഓഫീസർ | 1/16-17 | 200000 | 1115575രൂപയുടെ മരുന്നുകൾ ലഭിച്ചു.<br>84425രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. |
| PHCയിലേക്ക് മരുന്ന് വാങ്ങൽ&<br>പരിരക്ഷ പദ്ധതി | അലോപതി മെഡിക്കൽ ഓഫീസർ | 3/8-11-16<br>2/8-11-16 | 200000<br>200000 | മുഴവൻ മരുന്നുകളും ലഭിക്കാൻ അവശേഷിക്കുന്നു. |

ആകെ 484425 രൂപയുടെ മരുന്നുകൾ ലഭിക്കാനായി അവശേഷിക്കുന്നു.2016-17 വർഷത്തേക്ക് വിഭാവനം ചെയ്ത പദ്ധതിക്കായുള്ള മരുന്നുകൾ 2017-18 വർഷത്തിലും ലഭ്യമാവുന്നിലെങ്കിൽപദ്ധതി ലക്ഷ്യം പദ്ധതി രേഖകളിൽ മാത്രം ഒതുങ്ങി നിൽക്കുകയുള്ളവെന്ന് ഓർമ്മപെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി രേഖകൾ ഹാജരാക്കുന്നതുവരെ ചെലവു തുകയിൽ മരുന്നു ലഭിക്കാൻ അവശേഷിക്കുന്ന തുക തടസ്സം ചെയ്യുന്നു.

## 3-9 വിനിയോഗവിവരം ലഭ്യമല്ല- ചെലവ് തുക തടസം ചെയ്യുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ- വെറ്റിനറി സർജൻ

പ്രോജെക്ട് നംമ്പർ 195/17 ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന അനിമൽ ബെർത്ത് കൺട്രോൾ എന്ന പദ്ധതിക്കായി 100000 രൂപ (ബിൽ നമ്പർ-5/25-2-17 ) ജില്ലാ മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്റ്റുടെ അക്കൗണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 24-1-17ലെ p4-3632/16

നമ്പർ കത്തിൽ നിർദേശിച്ച പ്രകാരമാണ് തുക അടവാക്കിയിട്ടുള്ളത്. പോരുർ ഗ്രാമ പഞ്ചായത്തിൽ ടി പദ്ധതി പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ, നടപ്പിലാക്കിയ പ്രവർത്തനങ്ങൾ , ചെലവ് തുകക്കുള്ള വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## 3-10 മരാമത്ത് പ്രവർത്തി അധികം പിൻവലിച്ചത്

നിർവഹണ ഉദ്യോഗസ്ഥൻ- ഹോമിയോ മെഡിക്കൽ ഓഫീസർ

| പ്രവർത്തി | ഹോമിയോ ആശുപത്രി ഇലക്ട്രിഫിക്കേഷൻ |
|---|---|
| എഗ്രിമെന്റ് | 1/27-2-17 |
| കരാറുക്കാരൻ | അനിൽകുമാർ(എസ്റ്റിമേറ്റ് നിരക്ക്) |
| എം- ബുക്ക് | 103/17 |
| വൗച്ചർ& പിൻവലിച്ച തുക | 3/27-2-17 & 75000 രൂപ |
| മൂല്ല്യ നിർണ്ണയ തുക | 71160രൂപ |

മൊത്തം 71160 രൂപക്ക് മാത്രമാണ് പ്രവർത്തിയുടെ മൂല്ല്യ നിർണ്ണയനം നടത്തിയിട്ടുള്ളത് എന്നാൽ മേൽ പരാമർശിച്ച പ്രകാരം 75000 രൂപയാണ് പിൻവലിച്ചിട്ടുള്ളത് . അനർഹമായി അധികം പിൻവലിച്ച തുക 3840 രൂപ കരാറുക്കാരന് നൽകുകയാണ് ചെയ്തിട്ടുള്ളത് . അധികം നൽകിയ തുക ഈടാക്കി സർക്കാർ ഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-11 എസ്റ്റിമേറ്റ് തയ്യാറാക്കാതെയും മൂല്ല്യനിർണ്ണയനം നടത്താതെയും മരാമത്ത് പ്രവർത്തി നടപ്പാക്കിയത്

നിർവഹണ ഉദ്യോഗസ്ഥൻ- ഹോമിയോ മെഡിക്കൽ ഓഫീസർ

ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പാക്കിയ ഹോമിയോ ആശുപത്രിയിൽ പ്ലംബിംഗും വാട്ടർ ടാങ്ക് സ്ഥാപിക്കലും എന്ന മരാമത്ത് പ്രവർത്തി ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായാണ് നടപ്പാക്കിയിട്ടുള്ളത്. മെഡിക്കൽ ഓഫീസറുടെ ജോലിയുമായി യാതൊരുവിധത്തിലും വൈദഗ്ധ്യം ഇല്ലാത്ത ഒരു മരാമത്ത് പ്രവർത്തിയാണ് ടി നിർവഹണ ഉദ്യോഗസ്ഥൻ മുഖേനെ നടപ്പാക്കിയത്. മേൽ പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാതെയും മൂല്ല്യം കണക്കാക്കാതെയും കരാറുക്കാരൻ ക്വോട്ട് ചെയ്ത തുക അതേപടി യാതൊരു തരത്തിലുള്ള റിക്കവറികളും കുറവ് ചെയ്യാതെ കരാറുക്കാരന് അനുവദിക്കുകയാണ് നിർവഹണ ഉദ്യോഗസ്ഥൻ ചെയ്തിട്ടുള്ളത്. മരാമത്ത് പ്രവർത്തി നടപ്പാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി, സാങ്കേതിക അനുമതി ലഭ്യമാക്കിശേഷം , മരാമത്ത് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം നിർവഹണം പൂർത്തിയാക്കി,മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ പൂർത്തിയാക്കിയതിനുശേഷം മാത്രേമ ബിൽ അനുവദിക്കാവൂ എന്ന് വ്യക്തമായ ധാരണയും ഒരു വർഷത്തിൽ ശരാശരി 150 പ്രവർത്തികളെങ്കിലും നടപ്പാക്കുന്ന ഗ്രാമ പഞ്ചായത്ത് ഇത്തരത്തിലുള്ള യാതൊരു നടപടിക്രമങ്ങളും കൂടാതെയാണ് നിർവഹണ ഉദ്യോഗസ്ഥനെ പ്രവർത്തി ചുമതലപെടുത്തിയത് . ഗ്രാമ പഞ്ചായത്തിലും കൈമാറികിട്ടിയ വകുപ്പുകളുടെ ഓഫീസുകളിലും മരാമത്ത് പ്രവർത്തികൾ നടപ്പാക്കുന്നതിന് സാങ്കേതിക വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥർ ഗ്രാമ പഞ്ചായത്തിലുണ്ടെന്നിരിക്കെ ഈ പ്രവർത്തി മെഡിക്കൽ ഓഫീസർ മുഖാന്തിരം നടപ്പാക്കിയത് ക്രമത്തിലല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ&തിയ്യതി | ചെലവ് തുക | കൺവീനർ |
|---|---|---|
| 4/18-317 | 20000 | സുനിൽകുമാർ |

പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്താതെയും പൂർത്തീകരണ വിവരം ലഭ്യമാക്കാതെയും തുക അനുവദിച്ചതിനാൽ 20,000/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.അപാകതക്ക് വ്യക്തമായ മറുപടി ഹാജരാക്കേണ്ടതാണ്.[ ഓഡിറ്റ് എൻക്വയറിക്ക് (03/20.06.17) മറുപടി ലഭ്യമാക്കിയിട്ടില്ല]

## 3-12 രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല- ചെലവ് തുക തടസം ചെയ്യുന്നു.

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ താഴെ ചേർത്തിട്ടുള്ള പ്രൊജക്ടുകൾ പ്രകാരം തുകകൾ നൽകിയതിന്റെ കൈപ്പറ്റ് രസീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ട് | തുക/ ഫണ്ട് ഇനം | ബിൽ നമ്പർ/ തിയ്യതി |
|---|---|---|---|
| 01 | SSA വിഹിതം നൽകൽ ജനറൽ (47/17) | 500000 | 02/16-17, 22.12.16 |
| 02 | SSAവിഹിതം നൽകൽ എസ്.സി.പി (74/17) | 189525 | 01/16-17, 22.12.16 |

മേൽ പ്രൊജക്ടുകൾക്കുവേണ്ടി തുക നൽകിയതിന്റെയും വിനിയോഗ സാക്ഷ്യപത്രത്തിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നു. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസം ചെയ്യുന്നു.

## 3-13 ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കണ്ടില്ല

എഗ്രിമെന്റ് വച്ച് നാലുവർഷത്തിലധികം കഴിഞ്ഞിട്ടും പണിപൂർത്തീകരിച്ച് മുഴുവൻതുകയും കൈപ്പറ്റാതെ , വീടുകളുടെ നിർമ്മാണം അനന്തമായി നീളുന്നതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.ഇന്ദിരാ ആവാസ് യോജനയിൽ വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2013-14 വർഷം വരെ വീട് അനുവദിച്ചിട്ടുള്ളതും കരാർ വെച്ച് തുക കൈപ്പറ്റിയതിനുശേഷം , നാളിതുവരെയായി ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വിഭാഗം | എഗ്രിമെന്റ് വെച്ച വർഷം | നാളിതുവരെ കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | വിളക്കാടൻ ശോഭന , D/Oമുണ്ടിച്ചി | എസ്.സി | 2011-12 | 20000 | 03/09/12 | അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും വീടുപണി ആരംഭിച്ചിട്ടില്ല. |
| 2 | ലീല, W/O ബാലൻ ചെണ്ണേൻ ഹൗസ് | എസ്.സി | 2012-13 | 20000 | 19/03/2013 | തറപ്പണി പകുതിയാക്കി. ഇപ്പോൾ നിർമ്മാണം നടക്കുന്നില്ല. |
| 3 | പുഷ്പലത , W/O രാധാകൃഷ്ണൻ, മാച്ചാടൻ ഹൗസ് | എസ്.സി | 2013-14 | 17500 | 28/02/2014 | അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും വീടുപണി ആരംഭിച്ചിട്ടില്ല. |

| | | | | | | |
|---|---|---|---|---|---|---|
| 4 | സരോജിനി , W/O രേവി , നെച്ചിക്കോടൻ ഹൗസ് | എസ്.സി | 2011-12 | 75785 | 04/10/17 | ചുമർപണി ലിന്റൽ വരെയായി. |
| 5 | ആർഷാദേവി, W/Oവിനോദ് | എസ്.സി | 2013-14 | 109500 | 10/03/15 | ചുമർപണി ലിന്റൽ വരെയായി. ഇപ്പോൾ നിർമ്മാണം നടക്കുന്നില്ല. |
| 6 | മാധവി , W/Oപ്രദുലൻ | എസ്.സി | 2013-14 | 189500 | 22/03/2016 | സാമ്പത്തിക ബുദ്ധിമുട്ടുമൂലം മേൽക്കൂര നിർമ്മിച്ചിട്ടില്ല. |

പഞ്ചായത്ത് ഭരണസമിതി , സന്നദ്ധ സംഘടനകൾ എന്നിവരുമായി കൂടിയാലോചിച്ച് ഇവരുടെ വീട്ടുനിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നൽകിയ തുക പലിശ സഹിതം ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 പശ്ചിമ ഘട്ട വികസനം; വനിതാ സ്വയം തൊഴിൽ സംരഭങ്ങൾ- ഒരു അവലോകനം.

2012-13 സാമ്പത്തിക വർഷത്തിൽ പശ്ചിമ ഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സാനിറ്ററി നാപ്കിൻ നിർമ്മാണ യൂണിറ്റ് [അടങ്കൽ -567,000 രൂപ - പശ്ചിമ ഘട്ട വികസന ഫണ്ട് വിഹിതം 4,75,000 + മറ്റുള്ളവ 92000] എന്ന പ്രൊജക്ട് നടപ്പിലാക്കുന്നതിന് അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ പ്രസ്തുത പ്രൊജക്ട് ഉപേക്ഷിക്കുകയും മേൽ പ്രൊജക്റ്റിനായി അനുവദിച്ച പശ്ചിമ ഘട്ട വികസന ഫണ്ട് വിഹിതം 4,75,000 രൂപ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള മേൽ വിഹിതം തിരിച്ചടവാക്കണമെന്ന നിർദ്ദേശത്തെ തുടർന്ന്, 2016-17 സാമ്പത്തിക വർഷത്തിൽ മേൽ ഫണ്ട് ഉപയോഗപ്പെടുത്തി രണ്ട് വനിതാ സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന് പഞ്ചായത്ത് പ്രൊജക്ട് തയ്യാറാക്കുകയും, നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത പ്രൊജക്റ്റുകൾ നടപ്പിലാക്കുന്നതിന് 19.05.2016-ലെ GO(Rt)No. 200/2016 PLY നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകുകയും ചെയ്തു. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടാണ് പ്രൊജക്റ്റുകൾ നടപ്പിലാക്കിയിട്ടുള്ളത്.

പ്രൊജക്റ്റുകൾ: I. പശ്ചിമ ഘട്ട വികസന പദ്ധതി- ഫാഷൻ ഡിസൈനിംഗ് (50/2017).

II. പശ്ചിമ ഘട്ട വികസന പദ്ധതി-ബയോ മെഡിക്കൽ സൂപ്പർ മാർക്കറ്റ് (52/2017).

യൂണിറ്റുകളുടെ പ്രവർത്തനം നേരിട്ട് ബോധ്യപ്പെടുന്നതിനായി സ്ഥാപനം സന്ദർശിച്ചതിൽ പോരൂർ ഗ്രാമ പഞ്ചായത്തിന് സമീപത്തുള്ള വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടത്തിൽ വാടകക്ക് രണ്ട് സ്വയം തൊഴിൽ സംരംഭങ്ങളും പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടു. ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകളും, യൂണിറ്റുകൾ ഹാജരാക്കിയ രേഖകളും പരിശോധിച്ചു (മേൽ പ്രൊജക്റ്റുകൾ സംബന്ധിച്ച് തുടർച്ചയായ ഫയലുകളൊന്നും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല), പദ്ധതിയുടെ ഫണ്ട് / സ്രോതസ്, ഗുണഭോക്താക്കൾ, ഗുണഭോക്താക്കൾക്ക് ലഭിച്ച ട്രെയിനിംഗ്, നൽകിയ സബ്സിഡി, സ്ഥാപനത്തിന്റെ ആസ്തി, ഓഡിറ്റ് നിരീക്ഷണങ്ങൾ എന്നിവ ഉൾപ്പെടുത്തി പ്രൊജക്റ്റുകളെ സംബന്ധിച്ച് തയ്യാറാക്കിയ അവലോകനം താഴെ ചേർക്കുന്നു.

I. പശ്ചിമ ഘട്ട വികസന പദ്ധതി- ഫാഷൻ ഡിസൈനിംഗ് (50/2017).

a. പദ്ധതിയുടെ ലക്ഷ്യം.

വനിതാ സ്വയം തൊഴിൽ സംരഭം സ്ഥാപിച്ച് സ്ത്രീകൾക്ക് സ്ഥിരവരുമാനവും, സ്ത്രീ ശാക്തീകരണവുമാണ് പദ്ധതി ലക്ഷ്യമാക്കുന്നത്.

b. പദ്ധതിയുടെ ഫണ്ട് / സ്രോതസ്.

ജില്ലാ കലക്ടറുടെ 04.08.2016- ലെ 859-C/11-12/ WGDP/DPO/MPM നമ്പർ നടപടിക്രമ പ്രകാരം പദ്ധതിയുടെ ഫണ്ടും സ്രോതസും സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| No of Beneficiaries | Project Cost | | | | | |
|---|---|---|---|---|---|---|
| | Details of Expenditure | WGDP Share | G P Share | Beneficiaries Share | Bank Loan | Total Amount |
| 05 (Group Project) | Training | 47000 | -- | --- | --- | 47000 |
| | Unit Establishment | 168000 | 20000 | 20000 | 104000 | 312000 |
| | Total | 215000 | 20000 | 20000 | 104000 | 359000 |

c. പദ്ധതിയുടെ ഗുണഭോക്താക്കൾ.

അഞ്ച് അംഗങ്ങളുള്ള വിബ്ജിയോർ (VIBGYOR) ഫാഷൻ ഡിസൈനിംഗ് എന്ന ഗ്രൂപ്പിനെ ഗുണഭോക്താക്കളാക്കികൊണ്ടാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

d. ട്രൈനിംഗ്.

പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ലഭിച്ച പരിശീലനം, നൽകിയ സ്ഥാപനം, ചെലവഴിച്ച തുക എന്നിവയുടെ വിവരം താഴെ ചേർക്കുന്നു.

| ട്രൈനിംഗ് നൽകിയ സ്ഥാപനം | ചെലവഴിച്ച തുക | വൗച്ചർ നമ്പർ/ തിയ്യതി | റിമാർക്സ് |
|---|---|---|---|
| CSDR, പുതുക്കോട് | 27,000 | 21600587/30.12.2016 | സ്ഥാപനങ്ങൾക്ക് ട്രൈനിംഗിന് വേണ്ട ചെലവ് പഞ്ചായത്ത് നൽകി |
| EKSAT,കോഴിക്കോട് | 20,000 | 21600430/20.10.2016 | |
| ആകെ | 47,000 | | |

e. സ്ഥാപനത്തിന്റെ ആസ്തി.

യൂണിറ്റ് സൂക്ഷിച്ചിട്ടുള്ള വാങ്ങലുകളുടെ രേഖകളും, സ്ഥാപനം സന്ദർശിച്ചതിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റിന് ബോധ്യപ്പെട്ട സ്ഥാപനത്തിന്റെ ആസ്തി സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| Asset | Amount |
|---|---|
| Merit High Speed Machine- 2 Nos | 67,500 |
| Lock Machine- 1 Nos | |
| Over Lock Machine -1 Nos | |
| High Speed Foot Machine - Nos | |
| Singer Machine – 1 Nos | |
| Motor – 3 Nos | |

| | |
|---|---|
| Second Hand Machine -2 Nos | 56,00 |
| Total | 73,100 |

f. ഓഡിറ്റ് നിരീക്ഷണങ്ങൾ.

1. ഗുണഭോക്താക്കളെ തെരഞ്ഞടുത്തതിലെ അപാകതകൾ.

വിബ്ജിയോർ (VIBGYOR) ഫാഷൻ ഡിസൈനിംഗ് എന്ന ഗ്രൂപ്പിനെ ഗുണഭോക്താക്കളായി പഞ്ചായത്ത് തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത സ്വയം തൊഴിൽ സംരഭം തുടങ്ങുന്നതിന് താൽപര്യമുള്ള ഗ്രൂപ്പുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചതിന്റെയോ, മറ്റ് ഗ്രൂപ്പുകളെ പരിഗണിച്ചതിന്റെയോ വിവരങ്ങൾ ലഭ്യമല്ല. കൂടാതെ തെരഞ്ഞടുത്ത ഗ്രൂപ്പിന്റെ മുൻ പരിചയും, പ്രവർത്തനം എന്നിവയും വിലയരുത്തിയിട്ടില്ല.

2. വാങ്ങലുകൾ ക്രമ പ്രകാരമല്ല.

സ്ഥാപനം നടത്തിയ വാങ്ങലുകൾക്ക് ഹാജരാക്കിയ ബില്ലുകൾ ആധികാരികമല്ല (ബില്ലുകളിൽ പൂർണമായി Tax Bill ഇല്ല). കൂടാതെ പണം കൈപ്പറ്റിയതിന്റെ വൗച്ചറുകളും ലഭ്യമല്ല. സ്വയം തൊഴിൽ സംരംഭങ്ങൾ നടത്തിയ വാങ്ങലുകൾക്ക് ബാങ്ക് മുഖേന പർചേസിംഗ് നടത്തി വാങ്ങലുകളുടെ കൃത്യത നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്താതെ ഫണ്ട് അനുവദിച്ചത് ക്രമ പ്രകാരമല്ല.

3. സബ്സിഡിക്കുള്ള അർഹത (പശ്ചിമ ഘട്ട വികസന ഫണ്ട്+ ഗ്രാമ പഞ്ചായത്ത് വിഹിതം).

യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ആകെ ചെലവായി അടങ്കലിലുൾപെടുത്തിയ 312000 രൂപയിൽ 188000 രൂപക്കാണ് സബ്സിഡി ഇനത്തിൽ അർഹതയുള്ളത് [WGDP Fund 168000+ GP Share 20000]. ബാക്കി വേണ്ടിയിരുന്ന 124000 രൂപയിൽ 104000 രൂപ ബാങ്ക് ലോണും, 20000 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. എന്നാൽ ഗുണഭോക്താക്കൾ ആകെ 359,000/- രൂപ വായ്പയായി കണ്ടെത്തിയെങ്കിലും പഞ്ചായത്തിൽ നിന്നും അനുവദിച്ച പശ്ചിമ ഘട്ട വികസന ഫണ്ട് സബ്സിഡി 168000, പഞ്ചായത്ത് വിഹിതം 20000, ഗുണഭോക്തൃ വിഹിതം 20000 രൂപയും ചുവടെ ചേർത്ത പ്രകാരം മേൽ ലോൺ അക്കൗണ്ടിലേക്ക് വായ്പ തിരിച്ചടക്കുന്നതിനാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ബാക്കി ഫലത്തിൽ 104000/- രൂപ മാത്രമാണ് വായ്പ തുക പ്രയോജനപ്പെടുത്തിയിട്ടുള്ളത്.

| ലോൺതുക | തിരിച്ചടവ് | കുറിപ്പ് |
|---|---|---|
| 359000 | 168000 | WGDP ഇനത്തിൽ ലഭിച്ച വിഹിതം ലോൺ തിരിച്ചടവാക്കി |
| | 40000 | പഞ്ചായത്ത് വിഹിതം, ഗുണഭോക്ത വിഹിതം എന്നീ ഇനങ്ങളിൽ ലഭിച്ച തുക ലോൺ തിരിച്ചടവാക്കി |
| | 208000 | യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ആകെ ചെലവ് = 104000 (312000 - 208000 ) |

യൂണിറ്റ് സ്ഥാപിക്കുന്നതിന് WGDP, പഞ്ചായത്ത് വിഹിതം, ഗുണഭോക്തൃ വിഹിതം, ബാങ്ക് ലോൺ ഉൾപ്പടെ 312000 രൂപ ചെലവഴിക്കേണ്ടതായിരുന്നെങ്കിലും. WGDP വിഹിതം, പഞ്ചായത്ത് വിഹിതം, ഗുണഭോക്തൃ വിഹിതം എന്നീ ഇനങ്ങളിൽ ലഭിച്ച 208000 രൂപ ലോണിലേക്ക് ബന്ധപ്പെട്ട സ്രോതസിൽ നിന്നും ലഭിച്ച ഉടനെ അടവാക്കുകയാണ് ചെയ്തിട്ടുള്ളത്. മേൽ സാഹചര്യത്തിൽ ആസ്തികൾ വാങ്ങലുകളുൾപ്പടെ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ആകെ യൂണിറ്റിന്റെ ആകെ ചെലവ് 104000 (312000 - 208000 ) രൂപ മാത്രമാണ്.

ജില്ലാ കലക്ടറുടെ 04.08.2016- ലെ 859-C/11-12/ WGDP/DPO/MPM നമ്പർ നടപടിക്രമ പ്രകാരം പദ്ധതിയുടെ ഫണ്ട് അനുപാത പ്രകാരം യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ആകെ ചെലവിന്റെ 60.25% തുകക്കാണ് (312000 രൂപയിൽ 188000രൂപ) സബ്സിഡി ഇനത്തിൽ അർഹതയുള്ളത്. ആയതിനാൽ യൂണിറ്റിൽ ലഭ്യമായ രേഖകൾ പ്രകാരം യഥാർത്ഥ ചെലവായ 104000 രൂപയിൽ 62,667 രൂപക്ക് (പശ്ചിമ ഘട്ട വികസന ഫണ്ട് + പഞ്ചായത്ത് വിഹിതം) മാത്രമേ സബ്സിഡി ഇനത്തിൽ ഗ്രൂപ്പിന് അർഹതയുള്ളൂ. പകരം 125333 രൂപ (188000- 62667) സബ്സിഡി ഇനത്തിൽ ഗ്രൂപ്പിന് അധികം നൽകിയതായി ഓഡിറ്റ് വിലയിരുത്തുന്നു.

ആയത് ഗ്രാമ പഞ്ചായത്ത് പരിശോധിക്കേണ്ടതാണ്.

മേൽ വസ്തുതകൾ പ്രകാരം ബാങ്ക് ലോൺ, ഗുണഭോക്തൃ വിഹിതം എന്നിവ ഉപയോഗപ്പെടുത്താതെ പൂർണ്ണമായും സബ്സിഡികൊണ്ടാണ് തൊഴിൽ സംരഭം തുടങ്ങിയിട്ടുള്ളതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

II. പശ്ചിമ ഘട്ട വികസന പദ്ധതി-ബയോ മെഡിക്കൽ സൂപ്പർ മാർക്കറ്റ് (52/2017).

a. പദ്ധതിയുടെ ലക്ഷ്യം.

ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ അവശ്യമായി സാധന സാമഗ്രികൾ- സേവനങ്ങൾ നൽകുന്ന സൂപ്പർ മാർക്കറ്റ് സ്ഥാപിക്കൽ എന്നിവയാണ് പദ്ധതി ലക്ഷ്യമാക്കുന്നത്.

b. പദ്ധിയുടെ ഫണ്ട് / സ്രോതസ്.

ജില്ലാ കലക്ടറുടെ 04.08.2016- ലെ 859-C/11-12/ WGDP/DPO/MPM നമ്പർ നടപടിക്രമം പ്രകാരം പദ്ധതിയുടെ ഫണ്ടും സ്രോതസും സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| No of Beneficiaries | Project Cost | | | | | |
|---|---|---|---|---|---|---|
| | Details of Expenditure | WGDP Share | G P Share | Beneficiaries Share | Bank Loan | Total Amount |
| 10 (Group Project) | Training | 60000 | --- | ---- | ---- | 60000 |
| | Unit Establishment | 200000 | 26000 | 26000 | 148000 | 400000 |
| | Total | 260000 | 26000 | 26000 | 148000 | 460000 |

c. പദ്ധതിയുടെ ഗണഭോക്താക്കൾ.

പത്ത് അംഗങ്ങളുള്ള ഹരിത ശ്രീ ബയോ ഫാർമസി എന്ന ഗ്രൂപ്പിനെ ഗുണഭോക്താക്കളാക്കികൊണ്ടാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

d. ട്രൈനിംഗ്.

പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ലഭിച്ച പരിശീലനം, നൽകിയ സ്ഥാപനം, ചെലവഴിച്ച തുക എന്നിവ താഴെ ചേർക്കുന്നു.

| ട്രൈനിംഗ് നൽകിയ സ്ഥാപനം | ചെലവഴിച്ച തുക | വൗച്ചർ നമ്പർ/ തിയ്യതി | റിമാർക്സ് |
|---|---|---|---|
| IRTC, മുണ്ടൂർ | 10000 | 21600586/ 30.12.2016 | സ്ഥാപനങ്ങൾക്ക് ട്രൈനിംഗിന് വേണ്ട ചെലവ് പഞ്ചായത്ത് നൽകി |
| KAV, ആനക്കയം | 30000 | 21600432/ 23.10.2016 | |
| EKSAT, കാലിക്കറ്റ് | 20000 | 21600431/ 20.10.2016 | |
| ആകെ | 60000 | | |

e. സ്ഥാപനത്തിന്റെ ആസ്തി.

വാങ്ങലുകളുടെ രേഖകളുടെയും, സ്ഥാപനം സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററും പരിശോധിച്ചതിൽ ഒരു കമ്പ്യൂട്ടറും പ്രിന്ററും ഉൾപ്പടെ മൊത്തം 114182 രൂപയുടെ മൂല്യമുള്ള ആസ്തി മാത്രമേ സ്ഥാപനത്തിൽ കാണാൻ കഴിഞ്ഞുള്ളൂ.

f. ഓഡിറ്റ് നിരീക്ഷണങ്ങൾ.

1. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിലെ അപാകതകൾ.

ഹരിത ശ്രീ ബയോ ഫാർമസി എന്ന ഗ്രൂപ്പിനെ ഗുണഭോക്താക്കളായി പഞ്ചായത്ത് തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത സ്വയം തൊഴിൽ സംരഭം തുടങ്ങുന്നതിന് താൽപര്യമുള്ള ഗ്രൂപ്പുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചതിന്റെയോ, മറ്റു ഗ്രൂപ്പുകളെ പരിഗണിച്ചതിന്റെയോ വിവരങ്ങൾ ലഭ്യമല്ല. കൂടാതെ തെരഞ്ഞെടുത്ത ഗ്രൂപ്പിന്റെ മുൻ പരിചയം, പ്രവർത്തനം എന്നിവയും വിലയിരുത്തിയിട്ടില്ല.

2. വാങ്ങലുകൾ ക്രമ പ്രകാരമല്ല.

സ്ഥാപനം നടത്തിയ വാങ്ങലുകൾക്ക് ഹാജരാക്കിയ ബില്ലുകൾ ആധികാരികമല്ല .കൂടാതെ പണം കൈപ്പറ്റിയതിന്റെ വൗച്ചറുകളും ലഭ്യമല്ല. സ്വയം തൊഴിൽ സംരഭങ്ങൾ നടത്തിയ വാങ്ങലുകൾക്ക് ബാങ്ക് മുഖേന പർച്ചേസിംഗ് നടത്തി വാങ്ങലുകളുടെ കൃത്യത നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്താതെ ഫണ്ട് അനുവദിച്ചത് ക്രമ പ്രകാരമല്ല.

3. സബ്സിഡിക്കുള്ള അർഹത (പശ്ചിമ ഘട്ട വികസന ഫണ്ട്+ ഗ്രാമ പഞ്ചായത്ത് വിഹിതം).

യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ആകെ ചെലവായി അടങ്കലിലുൾപെടുത്തിയ 400,000 രൂപയിൽ 226,000 രൂപക്കാണ് സബ്സിഡി ഇനത്തിൽ അർഹതയുള്ളത് [WGDP Fund 200000+ GP Share 26000, ie 56.5% ]. ബാക്കി വേണ്ടിയിരുന്ന 174000 രൂപയിൽ 148000 രൂപ ബാങ്ക് ലോണും, 26000 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. എന്നാൽ ഗുണഭോക്താക്കൾ ആകെ 460,000/- രൂപ വായ്പയായി കണ്ടെത്തിയെങ്കിലും പഞ്ചായത്തിൽ നിന്നും അനുവദിച്ച പശ്ചിമ ഘട്ട വികസന ഫണ്ട് സബ്സിഡി 200000 രൂപയും പഞ്ചായത്ത് വിഹിതവും, ഗുണഭോക്തൃ വിഹിതത്തിലെ ചെലവഴിക്കാൻ അവശേഷിക്കുന്ന 40,000 രൂപയും ചുവടെ ചേർത്ത പ്രകാരം മേൽ ലോൺ അക്കൗണ്ടിലേക്ക് വായ്പ തിരിച്ചടക്കുന്നതിനാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ബാക്കി ഫലത്തിൽ 220,000/- രൂപ മാത്രമാണ് വായ്പ തുക പ്രയോജനപ്പെടുത്തിയിട്ടുള്ളത്.

| ലോൺ തുക | തിരിച്ചടവ് | കുറിപ്പ് |
|---|---|---|
| 460000 | 200000 | WGDP ഇനത്തിൽ ലഭിച്ച വിഹിതം ഉപയോഗിച്ച് ലോൺ തിരിച്ചടവാക്കി |
| | 40000 | പഞ്ചായത്ത് വിഹിതം, ഗുണഭോക്തൃ വിഹിതത്തിലെ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയും ലോൺ തിരിച്ചടവാക്കാൻ ഉപയോഗിച്ചു. |
| | 240000 | യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ആകെ ചെലവ് = 220000 (460000-240000 ) |

യൂണിറ്റ് സ്ഥാപിക്കുന്നതിന് WGDP, പഞ്ചായത്ത് വിഹിതം, ഗുണഭോക്തൃ വിഹിതം, ബാങ്ക് ലോൺ ഉൾപ്പടെ 400000 രൂപ ചെലവഴിക്കേണ്ടതായിരുന്നെങ്കിലും. WGDP വിഹിതം, പഞ്ചായത്ത് വിഹിതം, ഗുണഭോക്തൃ വിഹിതം എന്നീ ഇനങ്ങളിൽ ലഭിച്ച 240000 രൂപ ലോണിലേക്ക് ബന്ധപ്പെട്ട സ്രോതസിൽ നിന്നും ലഭിച്ച ഉടനെ അടവാക്കുകയാണ് ചെയ്തിട്ടുള്ളത്. മേൽ സാഹചര്യത്തിൽ ആസ്തികൾ വാങ്ങലുകളുൾപ്പടെ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ആകെ യൂണിറ്റിന്റെ ആകെ ചെലവ് 220000 ( 460000-240000 ) രൂപ മാത്രമാണ്.

ജില്ലാ കലക്ടറുടെ 04.08.2016- ലെ 859-C/11-12/ WGDP/DPO/MPM നമ്പർ നടപടിക്രമ പ്രകാരം പദ്ധതിയുടെ ഫണ്ട് അനുപാത പ്രകാരം യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ആകെ ചെലവിന്റെ 56.5% തുകക്കാണ് (400000 രൂപയിൽ 226000രൂപ) സബ്സിഡി ഇനത്തിൽ അർഹതയുള്ളത്. ആയതിനാൽ യൂണിറ്റിൽ ലഭ്യമായ രേഖകൾ പ്രകാരം യഥാർത്ഥ ചെലവായ 220000 രൂപയിൽ 144100 രൂപക്ക് (പശ്ചിമ ഘട്ട വികസന ഫണ്ട് + പഞ്ചായത്ത് വിഹിതം) മാത്രമേ സബ്സിഡി ഇനത്തിൽ ഗ്രൂപ്പിന് അർഹതയുള്ളൂ.

പകരം 81900 രൂപ (226000- 144100) സബ്സിഡി ഇനത്തിൽ ഗ്രൂപ്പിന് അധികം നൽകിയതായി ഓഡിറ്റ് വിലയിരുത്തുന്നു. ആയത് ഗ്രാമ പഞ്ചായത്ത് പരിശോധിക്കേണ്ടതാണ്.

മേൽ വസ്തുതകൾ പ്രകാരം ബാങ്ക് ലോൺ, ഗുണഭോക്തൃ വിഹിതം എന്നിവ ഉപയോഗപ്പെടുത്താതെ പൂർണ്ണമായും സബ്സിഡികൊണ്ടാണ് തൊഴിൽ സംരഭം തുടങ്ങിയിട്ടുള്ളതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.
[കുറിപ്പ്: മേൽ പ്രൊജക്ടുകൾ സംബന്ധിച്ച് പഞ്ചായത്തിൽ വ്യക്തമായ ഫയലുകളൊന്നും സൂചിച്ചിട്ടില്ല. പഞ്ചായത്ത് ചെലവുകൾ നടത്തിയതിന്റെ രേഖകളും, സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ രേഖകളും അടിസ്ഥാനപ്പെടുത്തിയാണ് മേൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്- കൂടാതെ സ്ഥാപനം ലോൺ അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുകകളിൽ തിരിച്ചടവ് കിഴിച്ച മുഴവൻ തുകയും പരമാവതി തുകയും ചെലവായി കണക്കാക്കിയാണ് സബ്സിഡിക്കുള്ള അർഹത കണക്കാക്കിയത്. എന്നാൽ സ്ഥാപനമോ, നിർവ്വഹണ ഉദ്യോഗസ്ഥനോ ചെലവ് സംബന്ധിച്ച് പൂർണ്ണവും ആധികാരവുമായ രേഖകൾ സൂക്ഷിക്കാത്തത് മൂലം ചെലവിന്റെ കൃത്യത ഉറപ്പ് വരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല].

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 3,00,000 | പാലിന് സബ്സിഡി | 2,82,693 | 17,307 |
| | 2016-17 | 3,89,200 | കക്കൂസ് നിർമ്മാണം (ഒ.ഡി.എഫ് ) | 0 | 3,89.200 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KGWA | കുഴൽ കിണറുകൾ | 2,16,00,762 | 1,00,000 | 58380 | 41620( കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റി പഞ്ചായത്തിന് തിരികെ നൽകി) |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4527 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2015-16 | 3.2 | 4527 | ഉണ്ണിമമ്മുട്ടി , കൺവീനർ | 117060100460 / 07.06.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 66598724 ( മുൻബാക്കി ഉൾപ്പടെ ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43955592 |
| വരവിനങ്ങളിലുള്ള നഷ്ടം | 12475 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5610 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1803466 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 11675 | --------- | ശ്രീ. എം.ജിനചന്ദ്രൻ , സെക്രട്ടറി |
| 2-2 | 800 | --------- | ശ്രീ. എം.ജിനചന്ദ്രൻ , സെക്രട്ടറി |
| 3-7 | | 1800 | ഡോ.മുഹമ്മദ് സജിൽ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-10 | | 3840 | ഡോ. ഷെമി, എം.ഒ (ഹോമിയോ) |
| ആകെ | 12475 | 5640 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 509516 | ശ്രീ. എം.ജിനചന്ദ്രൻ , സെക്രട്ടറി |

| | | |
|---|---|---|
| 3-8 | 484425 | ഡോ.മുഹമ്മദ് സജിൽ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.-400000/-<br>ഡോ. ഷെമി, എം.ഒ (ഹോമിയോ)-84425/- |
| 3-9 | 100000 | ഡോ. പി രാജൻ, വെറ്ററിനറി സ്ർജൻ |
| 3-11 | 20000 | ഡോ. ഷെമി, എം.ഒ (ഹോമിയോ) |
| 3-12 | 689525 | ശ്രീ.വിനയൻ പി. എച്ച്.എം |
| ആകെ | 1803466 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | സ്ഥാപനം |
|---|---|---|
| 2-1 | 556 | ലൈബ്രറി സെസ്സ് |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം.ജിനചന്ദ്രൻ സെക്രട്ടറി | സെക്രട്ടറി , പോരൂർ ഗ്രാമപഞ്ചായത്ത് | മഠത്തിൽ ഹൗസ് ,<br>വെള്ളിയമ്പാടം ,<br>ചന്തക്കുന്ന്.പി.ഒ, നിലമ്പൂർ |
| ഡോ. ഷെമി, എം.ഒ ഹോമിയോ | എം.ഒ ഹോമിയോ, ഹോമിയോ ഡിസ്പൻസറി പോരൂർ | തുമ്പേത്തൊടിക വീട്, കൂരാട്, മലപ്പുറം |
| ഡോ.മുഹമ്മദ് സജിൽ,<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി., പോരൂർ | പാന്തൊടി ഹൗസ്,<br>അൽപട്ടകുളമ്പ, കോഡൂർ<br>പി.ഒ., മലപ്പുറം ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99<br>199-00 | എൽ.എഫ്.എം.6/1392/04 തിയ്യതി:14.02.2011 | 29 |
| 2000-01<br>2001-02 | എൽ.എഫ്.എം.6/811/04 തിയ്യതി: 17.11.2004 | 08 |
| 1998-99 | എൽ.എഫ്.എം.6/1617/06 തിയ്യതി: 14.02.2011 | 09 |
| 1999-00 | എൽ.എഫ്.എം.6/1618/06 തിയ്യതി: 14.02.2011 | 05 |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | എൽ.എഫ്.എം.6/1619 /06 തിയ്യതി:14.02.2011 | 03 |
| 2001-02 | എൽ.എഫ്.എം.6/1681/06തിയ്യതി: 14.02.2011 | 09 |
| 2002-03 | എൽ.എഫ്.എം.6/1837/04 തിയ്യതി: 14.02.2011 | 15 |
| 2003-04 | എൽ.എഫ്.എം.6/1832/04 തിയ്യതി:14.02.2011 | 22 |
| 2004-05 | എൽ.എഫ്.എം.6/94/07തിയ്യതി: 14.02.2011 | |
| 2005-06 | എൽ.എഫ്.എം.6/269/09 തിയ്യതി: 08.10.2009 | 23 |
| 2006-07 | എൽ.എഫ്.എം.5/195/14-തിയ്യതി:01.07.2014 | 28 |
| 2007-08 | എൽ.എഫ്.എം.5/3338/14 തിയ്യതി: 10.12.2014 | 20 |
| 2008-09<br>2009-10<br>2010-11 | എൽ.എഫ്.എം.5/2129A/12 തിയ്യതി: 24.09.2012 | 28 |
| 2011-12 & 2012-13 | എൽ.എഫ്.എം.5/2225/14 തിയ്യതി: 05.12.2014 | 16 |
| 2013-14 &2014-15 | കെ.എസ്.എ.എം.പി.എം5/1623/16 തിയ്യതി: 25.07.2016 | 21 |
| 2015-16 | കെ.എസ്.എ.എം.പി.എം 5/3310/16 തിയ്യതി:07.01.17 | 18 |

.

ഡെപ്യൂട്ടി ഡയറക്ടർ സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 1

# AUDIT CERTIFICATE

No. KSA/MPM/5/1423/17

Kerala State Audit Department,
District Office, Malappuram.
Date 11-07-2017

Certified that I have Audited the Annual Financial Statement of Porur Grama Panchayath in Malappuram District for the year 2016-17 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidelines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj

institutions.

In my Opinion, the financial Statements of Porur Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

DeputyDirector,
Kerala State Audit Department,
District Office, Malappuram.

.

## <u>അനുബന്ധം - 2</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ.എസ്. എ.എം പി .എം/5/1423/2017

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

തീയതി 11-07-2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4ാം വകുപ്പും,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പോരൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷികധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003 ജൂൺ 12ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം

എം.എ.7/17